**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5228 | 27.7.2015 ൽ മറുപടിക്ക്

## സ്മാർട്ട് വില്ലേജുകൾ

| ചോദ്യം<br>ശ്രീ. എം. ഹംസ | ഉത്തരം<br>അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) വില്ലേജ് താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം ജനകീയവും സുതാര്യവും ആക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; | (എ) നവീന വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വില്ലേജ്, താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവുമാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് പദ്ധതി, സ്മാർട്ട് റവന്യൂ ഓഫീസുകൾ, ഓൺലൈൻ പോക്കുവരവ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളെയാണ് സ്മാർട്ട് വില്ലേജുകൾ ആയി പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ-I വില്ലേജിനെ സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഇനി ഏതെല്ലാം വില്ലേജാഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിനായി പരിഗണിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) ഓരോ സാമ്പത്തിക വർഷവും അതാത് ജില്ലാ കളക്ടർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സ്മാർട്ട് റവന്യൂ ഓഫീസാക്കി മാറ്റുന്നതിനുള്ള വില്ലേജാഫീസുകളെ തെരഞ്ഞെടുക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ ചുവടെ പറയുന്ന വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജാഫീസാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.<br>തിരുവനന്തപുരം - പള്ളിപ്പുറം, മാറനല്ലൂർ, കള്ളിക്കാട്<br>പത്തനംതിട്ട - വള്ളിക്കോട്<br>ആലപ്പുഴ - കൃഷ്ണപുരം, ചിങ്ങോലി<br>എറണാകുളം - ഐരാപുരം<br>പാലക്കാട് - തെക്കേദേശം |

**സെക്ഷൻ ഓഫീസർ**